**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2664** **02-08-2021 - ൽ മറുപടിയ്ക്ക്**

**വില്ലേജ് ഓഫീസുകൾക്ക് പുതിയ കെട്ടിടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കാട്ടാക്കട മണ്ഡലത്തിലെ വിവിധ വില്ലേജ് ഓഫീസുകളായ കുളത്തുമ്മൽ, വിളവൂർക്കൽ, മലയിൻകീഴ്, വിളപ്പിൽ എന്നിവയ്ക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള അനുമതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | കാട്ടാക്കട നിയോജക മണ്ഡലത്തിലെ വിളപ്പിൽ വില്ലേജ് ഓഫീസ് നിർമ്മാണത്തിനായി 2019-20 പ്ലാൻ സ്കീം പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. കുളത്തുമ്മൽ, വിളവൂർക്കൽ, മലയിൻകീഴ് എന്നീ വില്ലേജുകളിൽ പുതിയ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. 44 ലക്ഷം രൂപ വീതമാണ് ഓരോ നിർമ്മാണ പ്രവർത്തികൾക്കുമായി അനുവദിച്ചിട്ടുള്ളത്. |
| (ബി) | പ്രസ്തുത പ്രവൃത്തികളുടെ ഓരോന്നിന്റെയും നിർമ്മാണ ചുമതല ആർക്കാണെന്നും, ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതിയും സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | വിളപ്പിൽ വില്ലേജ് ഓഫീസിന്റെ നിർവ്വഹണ ചുമതല കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് ലിമിറ്റഡ്-ന് ആണ്. വില്ലേജ് ഓഫീസ് നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. കുളത്തുമ്മൽ, മലയിൻകീഴ്, വിളവൂർക്കൽ എന്നീ വില്ലേജ് ഓഫീസുകളുടെ നിർവ്വഹണ ഏജൻസി സംസ്ഥാന നിർമ്മിതി കേന്ദ്രമാണ്. മലയിൻകീഴ് വില്ലേജ് ഓഫീസിന്റെ ബേസ്മെന്റ് നിർമ്മാണം പൂർത്തിയായിട്ടുണ്ട്. വിളവൂർക്കൽ, കുളത്തുമ്മൽ എന്നീ വില്ലേജ് ഓഫീസുകളുടെ നിർമ്മാണം പഴയ ഓഫീസ് കെട്ടിടങ്ങൾ പൊളിച്ചു നീക്കുന്ന മുറയ്ക്ക് ആരംഭിക്കാനാകും. |

സെക്ഷൻ ഓഫീസർ